പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3494 — 16.12.2015 ൽ മറുപടിയ്ക്ക്

**അംഗപരിമിതർക്ക് മുച്ചക്രവാഹനങ്ങൾ/സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ എന്നിവ നൽകുന്ന പദ്ധതി**

ചോദ്യം

ശ്രീ.പി.കെ.ബഷീർ

മറുപടി

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) അംഗപരിമിതർക്ക് മുച്ചക്രവാഹനങ്ങൾ/ സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ എന്നിവ നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന അംഗപരിമിതർക്ക് സൌജന്യമായി സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകുന്ന പദ്ധതിയും സൈഡ് വീൽ ഘടിപ്പിച്ച മുച്ചക്രവാഹനത്തിന് സബ്സിഡി നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭ്യമാക്കി നൽകിയെന്നും ഏതൊക്കെ ഏജൻസികൾ മുഖേനയാണ് അവ വിതരണം നടത്തിയതെന്നും വ്യക്തമാക്കുമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള ആട്ടോമൊബൈൽസിൽ നിന്നും 193 പേർക്കും Mera Mobike മുഖേന 4 പേർക്കും സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടറും ആംപെയർ വെഹിക്കിൾ പ്രൈവറ്റ് ലിമിറ്റഡ് മുഖേന 3 ഇലക്ട്രിക് സ്കൂട്ടറും വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

(അനുബന്ധം -

## മാനദണ്ഡങ്ങൾ

- അപേക്ഷകരുടെ എണ്ണം വളരെ കൂടുതലും, റിസോഴ്സ് പരിമിതവുമായതിനാൽ ഏറ്റവും അർഹതപ്പെട്ടവർക്ക് മാത്രം സൈഡ് വീൽ സ്കൂട്ടർ ലഭ്യമാക്കുന്നു എന്ന് ഉറപ്പു വരുത്താൻ സുതാര്യമായ മാനദണ്ഡങ്ങളും, മുൻഗണനാക്രമവും ( Eligibility criteria, prioritisation criteria ) നിശ്ചയിക്കാൻ തീരുമാനിച്ചു.
    - 18 വയസ്സിന് മുകളിൽ പ്രായം,
    - 40-ഉം അതിന് മുകളിലും ശതമാനമുള്ള ലോക്കോമോട്ടോർ ഡിസബിലിറ്റി,
    - ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം,
    - സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Eligibility criteria) ആയിരിക്കും.

- ലോക്കോമോട്ടോർ ഡിസബിലിറ്റി ഉള്ളവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു വൈകല്യമുള്ളവരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.

- Eligibility criteria meet ചെയ്യുന്ന വനിതകൾക്കും, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന. (എസ്.സി. വിഭാഗത്തിനായി പ്രത്യേക പദ്ധതി ഉണ്ട്)

**മുൻഗണനാ മാനദണ്ഡം ( Prioritisation criteria) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സേവനം ഉപയോഗപ്പെടുത്തി തയ്യാറാക്കിയത്.**

- ഭിന്നശേഷി ശതമാനം (50% വെയ്റ്റേജ്)
- പ്രായം (30% വെയ്റ്റേജ്)
- വരുമാനം (20% വെയ്റ്റേജ്)

ഈ മൂന്ന് ഘടകങ്ങൾ മുൻഗണനാ മാനദണ്ഡമായിരിക്കും. ആയവയ്ക്ക് വെയിറ്റേജ് മാർക്കും നൽകിയാണ് മുൻഗണന നിശ്ചയിച്ച്, ഗുണഭോക്താവിനെ കണ്ടെത്തുക.

**ഭിന്നശേഷി ശതമാനം**

ഭിന്നശേഷി ശതമാനം (50% വെയിറ്റേജ്) വർദ്ധിക്കുന്നതനുസരിച്ച് വെയിറ്റേജും വർദ്ധിക്കും. ഭിന്നശേഷി ശതമാനം × വെയിറ്റേജ് ശതമാനം ആയിരിക്കും ഭിന്നശേഷി ശതമാനത്തിന്റെ മാർക്ക്.

ഉദാഹരണം – ഭിന്നശേഷി ശതമാനം 40 ആണെങ്കിൽ 40 × 50/100 = 20 മാർക്ക്

80 ആണെങ്കിൽ 80 × 50/100 = [illegible] മാർക്ക്

2. <u>പ്രായപരിധി.</u> ഏറ്റവും കുറഞ്ഞ പ്രായപരിധി 18 വയസ് .പ്രായത്തിന് 30 ശതമാനം വെയ്റ്റേജ് നൽകുവാൻ നിശ്ചയിച്ചു. കുറഞ്ഞ പ്രായമുളള ഭിന്നശേഷിക്കാർക്ക് അവരുടെ കൂടുതൽ productive and challenging ആയ ജീവിതം നയിക്കാൻ മുന്നിലുണ്ട് എന്നതിനാൽ പ്രായം കുറവുളളവർക്ക് കൂടുതൽ വെയ്റ്റേജ് നൽകുവാൻ തീരുമാനിച്ചു. ആയതിന് പ്രയപരിധി അനുസരിച്ച് സ്ലാബുകൾ നിശ്ചയിച്ചു.

| | | |
|---|---|---|
| 18 വയസ്- 35 വയസ് - | സ്ലാബ് 1. | **40** വെയിറ്റേജ് മാർക്ക്. |
| 36 വയസ്- 50 വയസ് - | സ്ലാബ് 2. | **25** വെയിറ്റേജ് മാർക്ക്. |
| 51 വയസ്- 60 വയസ് - | സ്ലാബ് 3. | **20** വെയിറ്റേജ് മാർക്ക്. |
| 61 വയസ്- മുതൽ - | സ്ലാബ് 4. | **15** വെയിറ്റേജ് മാർക്ക്. |

ഉദാ:- 18-35 വയസ്സിനുളള സ്ലാബ് **1** ലെ വ്യക്തിക്ക് $40 \times 30/100 = 12$ മാർക്ക്

60 വയസ്സിന് മുകളിലുളള സ്ലാബ് **4** -ലെ വ്യക്തിക്ക് $15 \times 30/100 = 4.5$ മാർക്ക്

3 <u>വരുമാന പരിധി</u>. വരുമാന സാക്ഷ്യ പത്രമായി വരുമാന സർട്ടിഫിക്കറ്റ് മാത്രം സ്വീകരിക്കാൻ തീരുമാനിച്ചു. ഏറ്റവും ഉയർന്ന വാർഷിക വരുമാന പരിധി -ഒരു ലക്ഷം വരുമാനത്തിന് 20 ശതമാനം വെയ്റ്റേജ് നൽകുവാൻ നിശ്ചിച്ചു. ഏറ്റവും കുറഞ്ഞ വരുമാനമുളള ഭിന്നശേഷികാർക്ക് ഏറ്റവും ഉയർന്ന വെയിറ്റേജ് മാർക്ക്.

<u>വാർഷിക വരുമാനം</u>

| | | |
|---|---|---|
| 25,000/- രൂപയ്ക്ക് താഴെ | സ്ലാബ് 1. | **50** വെയിറ്റേജ് മാർക്ക്. |
| 25,001/- 50,000/- രൂപ വരെ | സ്ലാബ് 2. | **30** വെയിറ്റേജ് മാർക്ക്. |
| 50001/- ഒരു ലക്ഷം രൂപ വരെ | സ്ലാബ് 3. | **20** വെയിറ്റേജ് മാർക്ക്. |

ഉദാ:- വാർഷിക വരുമാനം 25,000 രൂപയ്ക്ക് താഴെയുളള വ്യക്തിക്ക് $50 \times 20/100 = 10$മാർക്ക്

വാർഷിക വരുമാനം 50000 രൂപക്ക് മുകളിൽ 1 ലക്ഷം രൂപവരെയുളള

വ്യക്തിക്ക് $20 \times 20/100 = 4$ മാർക്ക്

അതായത് 80% ഭിന്നശേഷി യും 18-35 ഇടയിൽ പ്രായമുളള വാർഷിക വരുമാനം

[illegible] വ്യക്തിയും വെയിറേജ് മാർക്ക് **40+12+10 = 62**

40% ഭിന്നശേഷിയും 60 വയസ്സിനുമുകളിൽ പ്രായമുളള വാർഷിക [illegible] താഴെയുളള വ്യക്തിയുടെ വെയിറ്റേജ് മാർക്ക് **20+4.5+4 =28.5**

പ്രായപരിധി, വരുമാന പരിധി എന്നിവയുടെ വെയിറ്റേജിനായുളള സ്ലാബ് മാർക്ക് സംവിധാനം എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് നിജിപ്പെടുത്തി നൽകിയിട്ടുള്ളതാണ്.

ടിയാൾക്ക് മുൻപ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ/പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും സൈഡ് വീൽ സ്കൂട്ടർ ലഭിച്ചിട്ടില്ലാ എന്ന് തിരഞ്ഞെടുക്കപ്പെട്ടവർ സ്കൂട്ടർ കൈപ്പറ്റുന്നതിന് മുൻപായി തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ പുതിയ സാക്ഷ്യപത്രം ഹാജരാക്കണം.

- മേൽ പ്രതിപാദിച്ച eligibility criteria അനുസരിച്ച് റാങ്ക്ലിസ്റ്റ് തയ്യാറാക്കുന്നതാണ്. റാങ്കും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് സ്കൂട്ടറുകൾ വിതരണം ചെയ്യുന്നതാണ്. ഒരേ യോഗ്യതാ പരിധിയിലുള്ള അനവധി വ്യക്തികൾ ഉണ്ടാവുകയും റിസോഴ്സ് പരിമിതവുമാണെങ്കിൽ ലോട്ട് എടുത്ത് ഗുണഭോക്താവിനെ നിശ്ചയിക്കുന്നതായിരിക്കും.
- സ്കൂട്ടർ കൈപ്പറ്റുന്നവർ, 100 രൂപ ധാരണാപത്രത്തിൽ കരാർ ഒപ്പിടേണ്ടതുണ്ട്. ടിയാൾക്ക് സർക്കാർ / സ്വകാര്യ സംവിധാനങ്ങളിൽ നിന്നും മുൻപ് സ്കൂട്ടർ ലഭിച്ചിട്ടില്ല എന്ന സത്യവാങ്മൂലവും ലഭിക്കുന്ന സ്കൂട്ടർ കൈമാറ്റം ചെയ്യുകയോ വിൽപ്പന നടത്തുകയോ ചെയ്യുകയില്ല എന്നും, അപ്രകാരം സംഭവിച്ചാൽ തുക പലിശ സഹിതം തിരിച്ചു പിടിക്കുന്നതും, നിയമനടപടി സ്വീകരിക്കുന്നതുമായിരിക്കും എന്നതാണ് കരാർ. ടിയാൾക്ക് മുൻപ് സ്കൂട്ടർ ലഭിച്ചിട്ടുള്ള ആളാണ് എന്ന് പിന്നീട് ബോധ്യപ്പെട്ടാൽ, നൽകിയ സ്കൂട്ടർ തിരിച്ചെടുക്കുന്നതായിരിക്കും..
- അപേക്ഷകന്റെ ഡയഗ്നേസിസിനെക്കുറിച്ചോ, വാഹനം ഓടിക്കാനുള്ള ശേഷിയെ കുറിച്ചോ കമ്മറ്റിക്ക് സംശയം വരുന്ന പക്ഷം മെഡിക്കൽ സെക്കന്റ് ഒപ്പീനിയൻ തേടുന്നതാണ്.
- മേൽ മാനദണ്ഡങ്ങൾക്കും, മുൻഗണനാ ക്രമത്തിനും വിധേയമായിട്ടുള്ള provisional റാങ്ക് ലിസ്റ്റായിരിക്കും കമ്മറ്റി അംഗീകാരത്തോടെ വിതരണം ചെയ്യുക.
- നിലവിലെ സാമ്പത്തിക സ്ഥിതിയിൽ, പകുതി അപേക്ഷകർക്ക് പോലും സ്കൂട്ടർ നൽകുവാൻ സാധിക്കാത്ത സാഹചര്യത്തിൽ കൂടുതൽ തുക, റിഅപ്രോപ്രിയേഷൻ വഴി അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.
- ടി മാനദണ്ഡം സംസ്ഥാനത്തെ സ്കൂട്ടർ വിതരണത്തിന്റെ പൊതുമാനദണ്ഡമായി നിജപ്പെടുത്തുന്നതിന് സർക്കാരിൽ ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

മെഡിക്കൽ ഓഫീസർ